## അരുവിക്കാട്ടിലെ പഞ്ചവർണക്കിളികൾ

16

# ചുകൻ രാജാവാകുന്നു




അന്നാണ് ചെമ്പോത്ത് വംശത്തിലെ ചുകൻ രാജസ്ഥാനത്തേക്കുള്ള ആദ്യ പരീക്ഷണത്തിനിറങ്ങുന്നത്. പഞ്ചവർണക്കിളി വംശത്തിനുണ്ടായിരുന്ന അതേ പരീക്ഷണം തന്നെയാണ്. അരുവിക്കാടിന്റെ രാജപദവിസ്ഥാനം അലങ്കരിക്കാൻ മനമില്ലാമനസ്സോടെയാണ് അരുവിക്കാട്ടുകാർ ചുകന് സമ്മതം നൽകിയത്.

ഷബോനി രണ്ടാമത്തെ പരീക്ഷണത്തിൽ പറിച്ചെടുത്ത അതേ ചെടിയിലെ ഏറ്റവും മധുരമുള്ള കാട്ടുപഴം പറിച്ചു കൊണ്ട് വരണം അതാണ് ചുകനുള്ള അടുത്ത പരീക്ഷണം. അതിലും വിജയിച്ച് തിരിച്ചെത്തിയ ചുകനെ മനസ്സാ ശപിച്ചു കൊണ്ടാണ് അരുവിക്കാട്ടുകാർ സ്വീകരിച്ചത്. ആ കാട്ടുപഴം അരുവിക്കാട്ടുകാരുടെ അവകാശമാണെന്നറിഞ്ഞിട്ടും അവർക്ക

ഇന്ത്യൻ തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ വനിത– മീരാഭായ്

ത് നൽകാതെ ചുകനും പങ്കനും പങ്കിട്ട് കഴിച്ച് മൂന്നാമത്തെ പരീക്ഷണം വിജയിക്കാനുള്ള തന്ത്രങ്ങൾ മെനഞ്ഞു.

ചെമ്പോത്തുകൾക്ക് പാടാനറിയില്ലല്ലോ. അതിനാൽ കാക്കമ്മ അടയിരുന്ന് വിരിയിക്കുന്ന കുയിലിന്റെ കുഞ്ഞിനെ ദത്തെടുത്ത് വളർത്തി അതിനെകൊണ്ട് പാടിക്കണം. ഇതാണ് മൂന്നാമത്തെ പരീക്ഷണം. അതിന് ശേഷം ആ കുയിലിനെ അരുവിക്കാടിന്റെ ആസ്ഥാന ഗായകനായി നിയമിക്കും.

കാക്കമ്മ പോറ്റി വളർത്തുന്ന കുയിൽ കുഞ്ഞിനെ തേടി ചുകൻ അരുവിക്കാട്ടിലും പങ്കൻ ചെമ്പൻ വനത്തിലും പറന്നു നടന്നു. ഒരിടത്തും കണ്ടെത്താനാവാതെ അവർ നിരാശരായി.

''പങ്കാ , നമ്മളിനി എന്തു ചെയ്യും? ഇതിൽ ഞാൻ വിജയിച്ചില്ലെങ്കിൽ രാജസ്ഥാനം എനിക്ക് കിട്ടില്ലെന്നറിയാമല്ലോ?'' ''അവസാനത്തെ രാജാവിന്റെ കാട്ടുനിയമം തന്നെ പ്രജകൾക്ക് പിന്തുടരാം. അങ്ങനെയാണ് നിയമം. അത് തെറ്റിക്കാൻ അഭിമാനിയായ ഗർജൻ സിംഹവും സമ്മതിക്കില്ലെന്ന് നിനക്കറിയാമല്ലോ?'' പിന്നെ നിന്റെ കാര്യം പോക്കാ പങ്കാ.'

ചുകൻ പങ്കനെ ഒന്നിളക്കാൻ പറഞ്ഞു.

''നമുക്ക് വഴിയുണ്ടാക്കാം ചുകാ.''

മനസ്സിലെ പേടി പുറത്ത് കാട്ടാതെ പങ്കൻ പറഞ്ഞു.

ചുകനും പങ്കനും ഒരിക്കൽക്കൂടി കാടാകെ ചുറ്റിപ്പറന്ന് നിരീക്ഷിച്ചു.

അതാ, ചെമ്പൻ വനത്തിന്റെ അതിരിൽ പടർന്നു പന്തലിച്ചു നിൽക്കുന്ന ഒരു കാട്ടുമരത്തിന്റെ കൊമ്പിൽ ഒരു കാക്കക്കൂട്. അവർ കൂടിനരികിലേക്ക് പറന്നു ചെന്നു.

അന്നേരം കാക്കമ്മ കുയിൽ കുഞ്ഞിന് തീറ്റ കൊടുക്കുകയാണ്.

''കാക്കമ്മേ, ഇതൊരു കുയിൽ കുഞ്ഞാണല്ലോ. എന്താ കാക്കമ്മ ഇതിനെ കൊത്തി അകറ്റാത്തത്?''

''അറിയാം മക്കളേ, ഞാനിട്ട മുട്ടകളൊന്നും വിരിഞ്ഞില്ല, ഇതൊഴികെ. എനിക്കിപ്പോ കുഞ്ഞായി ഇവൻ മാത്രമേ ഉള്ളൂ. എനിക്കിവനെ ആട്ടിയകറ്റാനാവുന്നില്ല.''

കാക്കമ്മ കുയിൽക്കുഞ്ഞിനെ ചേർത്തുപിടിച്ച് കരഞ്ഞു.

കാക്കമ്മ കുയിൽക്കുഞ്ഞിനെ ദത്ത് നൽകില്ലെന്ന് ചുകനും പങ്കനും മനസ്സിലായി. അവർ ഒരു കുതന്ത്രം ആവിഷ്കരിക്കാൻ അടുത്ത മരക്കൊമ്പിലേക്ക് മാറിയിരുന്നു.

''ചുകാ, കാക്കമ്മ തീറ്റതേടി പോവുമ്പോ നമുക്ക് കുയിൽക്കുഞ്ഞിനെ തട്ടിക്കൊണ്ടു പേ

## കണ്ണീർവാതക പ്രയോഗം

പക്ഷികൾ കണ്ണീർവാതകം പ്രയോഗിക്കുമോ? നിയന്ത്രണാതീതമായ ജനക്കൂട്ടത്തെ പിരിച്ചുവിടാൻ പോലീസ് കണ്ണീർവാതകം പ്രയോഗിക്കാറുണ്ട്. അതുപോലെ കണ്ണീർവാതകമൊന്നും പക്ഷികൾക്കില്ല. എന്നാൽ ശത്രുക്കളെ വിരട്ടിയോടിക്കാൻ ഇതേ മാതിരി ഒരു തന്ത്രം പ്രയോഗിക്കുന്ന ചെറിയ ഇനം കൊറ്റികളുണ്ട്. പ്രാപ്പിടയിൻ കഴുകന്മാരുടെ ഇഷ്ടഭോജ്യമാണീ കൊറ്റികൾ. ശത്രുവായ പ്രാപ്പിടിയൻ തൊട്ടുപിന്നിൽ വന്നുകഴിയുമ്പോൾ കൊറ്റി ഒരുതരം കണ്ണീർ ദ്രാവകം സ്പ്രേ ചെയ്യും. ഇത് കണ്ണിൽ വീണാൽ പിന്നെ കഴുകന് കണ്ണുകാണില്ല. മാത്രവുമല്ല, കണ്ണിന് നല്ല വേദനയും ഉണ്ടാകും.



അലക്സാണ്ടർ ആദ്യമായി ആക്രമിച്ച് കീഴടക്കിയ ഇന്ത്യൻ പ്രദേശം– തക്ഷശില

ാവാം. ആ ഒരു വഴിയേ എന്റെ മുമ്പിലുള്ളൂ.''

പിറ്റേദിവസം തീറ്റതേടി കാക്കമ്മ പോയ തക്കം നോക്കി ചുകനും പങ്കനും കുയിൽക്കുഞ്ഞിനെ റാഞ്ചിയെടുത്ത് അരുവിക്കാട്ടിലേക്ക് പറന്നു. ചുകന് കുയിൽക്കുഞ്ഞിന്റെ പരിചരണവും തീറ്റതേടി കൊടുക്കലും വലിയൊരു തലവേദനയായി. അതിന്റെ അരിശം പങ്കനോടെപ്പോഴും ചുകൻ പറഞ്ഞുകൊണ്ടിരുന്നു.

''എടാ ചുകാ, രാജാവാകണമെങ്കിൽ കുറച്ചൊക്കെ കഷ്ടപ്പെടണം.'' പങ്കൻ ചുകനെ കളിയാക്കി.

ഒരു ദിവസം രാവിലെ ചുകൻ ഉറക്കമുണർന്ന് എഴുന്നേറ്റപ്പോഴുണ്ട് കാക്കമ്മ കരഞ്ഞ കണ്ണുകളുമായി മുമ്പിൽ നിൽക്കുന്നു.

''എന്താ കാക്കമ്മേ?'' ചുകനൊന്ന് പതറി ചോദിച്ചു.

''എനിക്കെന്റെ കുഞ്ഞിനെ വേണം. നിങ്ങൾ രണ്ടാളുമാണ് അവനെ തട്ടിക്കൊണ്ടുപോയത്.''

''ഇവിടെ നിങ്ങളുടെ കുഞ്ഞൊന്നുമില്ല. വേണമെങ്കിൽ നോക്കിക്കോളൂ.''

കുയിൽക്കുഞ്ഞിനെ തിരഞ്ഞ് കാക്കമ്മ നടക്കുന്ന വിവരമറിഞ്ഞ പങ്കൻ കുഞ്ഞിനെ ആ കൂട്ടിൽ നിന്നും മാറ്റിയിരുന്നു.

''എനിക്കെന്റെ കുഞ്ഞിനെ വേണം.'' കാക്കമ്മ കൂടിനകത്ത് കടന്ന് തലതല്ലി കരഞ്ഞു.

അപ്പോഴാണ് പങ്കൻ അങ്ങോട്ട് വന്നത്.

''നിങ്ങളിവിടെ കിടന്ന് ബഹളം വെച്ചിട്ട് ഒരു കാര്യവുമില്ല. വേഗം ഇവിടെ നിന്നും പോവുന്നതാ നല്ലത്.''

''ഇല്ല. എന്റെ കുഞ്ഞിനെ കിട്ടാതെ ഞാനിവിടെ നിന്നും പോവില്ല.''

കാക്കമ്മ ഉറക്കെ നിലവിളിച്ചു.

ദേഷ്യം മൂത്ത പങ്കനും ചുകനും കാക്കമ്മയുടെ തലയ്ക്ക് ആഞ്ഞൊരു കൊത്ത് കൊടുത്തു.

പാവം ചത്തുപോയി.

ചുകൻ പേടിച്ചെങ്കിലും പങ്കൻ സാമാധാനപ്പെടുത്തി കാക്കമ്മയുടെ ശവമെടുത്ത് ദൂരേക്കെങ്ങോ പറന്നു പോയി.

അമ്മയെ ചോദിച്ച് കുയിൽക്കുഞ്ഞ് കരയുമ്പോൾ നീ ആദ്യമായി പാട്ടുപാടുന്ന അന്ന് അമ്മ വരും എന്ന് പറഞ്ഞ് ചുകൻ അവനെ സമാധാനിപ്പിക്കും. രാജസ്ഥാനം കിട്ടണമെങ്കിൽ കുയിലിനെ വളർത്തി പാടിക്കണമല്ലൊ.. ആ പദവി ഓർത്ത് മാത്രം ചുകൻ ക്ഷമയോടെ കുയിൽകുഞ്ഞിനെ വളർത്തി.


മൂന്നാമത്തെ പരീക്ഷണദിവസം വന്നെത്തി. കാട്ടുചെമ്പക മരത്തിൽ ഷബോനിക്കൊരുക്കിയിരുന്ന കൂട്ടിൽ ചുകനും ആൺകുയിലും വന്നിരുന്നു. ആൺകുയിൽ ഇഷ്ടമില്ലാതെ പാടാൻ തുടങ്ങി. ഒട്ടും സന്തോഷമില്ലാതെ അരുവിക്കാട്ടുകാർ ആ ഗാനം കേട്ടിരുന്നു. ഒടുവിൽ മൂന്നാമത്തെ പരീക്ഷണവും വിജയിച്ച് ചുകൻ അരുവിക്കാടിന്റെ രാജാവായി സ്ഥാനമേറ്റു.

അരുവിക്കാടിന്റെ ആസ്ഥാന ഗായകനാവാൻ സമ്മതമാണോ എന്ന ചുകന്റെ ചോദ്യത്തിന് സമ്മതമില്ലെന്ന് പറഞ്ഞ് ആൺകുയിൽ എങ്ങോട്ടോ പറന്നു പോയി.

ഇതിനകം കാക്കമ്മ തന്റെ അമ്മ അല്ലെന്ന് അവൻ മനസ്സിലാക്കിയിരുന്നു.

ഹാവൂ. അങ്ങനെ ആ ശല്യവും പോയല്ലോ എന്നോർത്ത് ചുകൻ സന്തോഷത്തോടെ കാട്ടുചെമ്പകച്ചില്ലയിലെ കൂട്ടിൽ ഞെളിഞ്ഞിരുന്നു.

*(തുടരും)*



കോട്ടക്കൽ ആര്യവൈദ്യശാല സ്ഥാപിച്ചത്– പി.എസ് വാര്യർ